## സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ കോടതി

**ആഞ്ജനേയ, റ്റി.സി 9/1023 (1), ഗ്രൗണ്ട് ഫ്ളോർ, ശാസ്തമംഗലം, തിരുവനന്തപുരം - 695 010**

**ഹാജർ: ശ്രീ. എസ്.എച്ച് . പഞ്ചാപകേശൻ, സംസ്ഥാന ഭിന്നശേഷി കമ്മീഷണർ**

**OP (RPWD) No.3698/S3/2021**

**2022 ജൂൺ മാസം 9-ാം തീയതി**

ഹർജികക്ഷി : **ശ്രീമതി. സൈനബ.പി**
പല്ലാടിയൻ ഹൗസ്,
ചെങ്കൽത്തടം,
പയങ്ങാടി. പി.ഒ,
കണ്ണൂർ - 670 001

എതിർകക്ഷികൾ :

1. **സെക്രട്ടറി**
ഏഴോം ഗ്രാമപഞ്ചായത്ത്,
കണ്ണൂർ

2. **ഡെപ്യൂട്ടി ഡയറക്ടർ**
ഓഡിറ്റ് വകുപ്പ്,
കണ്ണൂർ ജില്ല.

ഈ കേസിൽ അവസാന വാദം ഇന്നേ ദിവസം നടന്നിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ ഈ കോടതി താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

ഭിന്നശേഷിക്കാരിയായ ഈ കേസിലെ ഹർജിക്കാരി സൈനബ മാർച്ച് 2021 ൽ Plus two പഠനം പൂർത്തിയാക്കി. അതിനു ശേഷം മാടായി ആർട്സ് & സയൻസ് കോളേജിൽ ബിരുദ കോഴ്സിനു ചേർന്നു. ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വാങ്ങി വന്നിരുന്ന ഹർജിക്കാരി തന്റെ സ്വദേശമായ കണ്ണൂർ ജില്ലയിലെ ഏഴോം ഗ്രാമപഞ്ചായത്തിലെ ഐ.സി.ഡി.എസ് സൂപ്പർ വൈസറുടെ നിർദ്ദേശപ്രകാരം 2020-21 സാമ്പത്തിക വർഷത്തെ സ്കോളർഷിപ്പിന് അപേക്ഷ നൽകി. തുടർന്ന് തനിക്ക് 12 മാസക്കാലത്തെ സ്കോളർഷിപ്പും, ബത്തയുമടക്കം 13,000/- രൂപ അനുവദിച്ചിരുന്നു എന്നും, എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ കണ്ണൂർ ജില്ലാ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിൽ താൻ 14.10.2021 ൽ മാടായി കോളേജിൽ അഡ്മിഷൻ നേടിയതായി രേഖപ്പെടുത്തിയതിനാൽ 14.10.2021 വരെയുള്ള സ്കോളർഷിപ്പ് സംഖ്യ തടഞ്ഞുവെച്ചിരിക്കുന്നു എന്ന പരാതിയുമായാണ് ടിയാൾ സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിനെ സമീപിച്ചിരിക്കുന്നത്.

2. ഹർജിയുടെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ നിന്നും അയച്ച നോട്ടീസിന് മറുപടിയായി തികച്ചും സാങ്കേതികമായ തർക്കങ്ങൾ ചൂണ്ടിക്കാട്ടി 1-ാം എതൃകക്ഷി ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കാര്യവിവര പത്രിക ഫയൽ ചെയ്തു. അതിനെ തുടർന്ന് എതൃകക്ഷി കാര്യവിവര പത്രികയിൽ പരാമർശിച്ച ഐ.സി.ഡി.എസ് സൂപ്പർവൈസറുമായി ഞാൻ ഓൺലൈനിൽ സംസാരിച്ചു. അതിനു ശേഷം 2-ാം എതൃകക്ഷി കണ്ണൂർ ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും ടി ഓൺലൈൻ ഹിയറിംഗിൽ പങ്കെടുത്തു. ഒരു അദ്ധ്യയന വർഷം ജൂൺ മുതൽ അടുത്ത വർഷം മാർച്ചു വരെ ആണെങ്കിലും, കോവിഡ്-19 ന്റെ തീവ്രവ്യാപനം മൂലവും മറ്റും 2020-2021 അദ്ധ്യയന വർഷം ബിരുദം 1-ാം വർഷ അഡ്മിഷൻ പൂർത്തിയായപ്പോൾ ഒക്ടോബർ മാസമായി എന്നും, ഹർജിക്കാരിയുടെ കേസിൽ കാര്യഗൗരവത്തോടെ വിശദീകരണം 1-ാം എതൃകക്ഷി ടി പഞ്ചായത്ത് സെക്രട്ടറി, തന്റെ ഓഫീസിൽ കാലതാമസം കൂടാതെ എത്തിച്ചാൽ ഇപ്പോൾ വന്നിരിക്കുന്ന സാങ്കേതിക തടസ്സങ്ങൾ നീക്കി ബിരുദ വിദ്യാർത്ഥികൾക്ക് നൽകുന്ന നിരക്കിൽ ടി സ്കോളർഷിപ്പ് മുഴുവൻ തുകയും ഹർജിക്കാരിക്ക് അനുവദിച്ചു തരാൻ കഴിയുമെന്ന് 2-ാം എതൃകക്ഷി അറിയിച്ചു. അത് രേഖപ്പെടുത്തി. ടി വിവരങ്ങൾ ഐ.സി.ഡി.എസ് സൂപ്പർവൈസറും, ടി ഡെപ്യൂട്ടി ഡയറക്ടറും ഓൺലൈനിൽ എന്റെ സാന്നിദ്ധ്യത്തിൽ പരസ്പരം സംസാരിക്കുകയും ധാരണയിലെത്തുകയും ചെയ്തു. ടി സാഹചര്യത്തിൽ കൂടുതൽ തെളിവുകൾ തിരയേണ്ട ആവശ്യമില്ലാത്തതിനാൽ 2016 ലെ ഭിന്നശേഷി അവകാശ നിയമം 80 (b) വകുപ്പു പ്രകാരം താഴെ പറയുന്ന ശുപാർശ ഉത്തരവ് എതൃകക്ഷികൾക്ക് നൽകുന്നു.

(1) ഈ കേസിലെ ഹർജിക്കാരി 2020-21 അദ്ധ്യായന വർഷം ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിയായിരുന്നു എന്നും, ടി കാലഘട്ടത്തിൽ കോവിഡ്-19 ന്റെ തീവ്രവ്യാപനം മൂലവും മറ്റും ഒന്നാം വർഷ ബിരുദ കോഴ്സിലേക്ക് പ്രവേശനം നടന്നത് 2020 ഒക്ടോബറിലായിരുന്നു എന്നും വസ്തുതാപരമായ വിശദീകരണം ടി ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും വാങ്ങി, ഈ ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ 2-ാം എതൃകക്ഷി കണ്ണൂർ ജില്ലാ ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് ഈ കേസിലെ 1-ാം എതൃകക്ഷി ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകേണ്ടതാണ്.

(2) 2020-2021 കാലഘട്ടത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ഈ കേസിലെ ഹർജിക്കാരിക്ക് 2020-2021 അദ്ധ്യയന വർഷത്തിൽ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കുള്ള നിരക്കിൽ ടി സ്കോളർഷിപ്പ് മുഴുവൻ തുകയും ലഭിക്കാൻ അർഹതയുണ്ട് എന്നും, ടി സംഗതികൾ

പരിഗണിച്ച് ഇതു സംബന്ധിച്ച ഓഡിറ്റ് തടസ്സങ്ങൾ 2-ാം എതൃകക്ഷി ടി ഡെപ്യൂട്ടി ഡയറക്ടർ പരിഹരിച്ച് 1-ാം എതൃകക്ഷിയെ താമസം കൂടാതെ അറിയിക്കേണ്ടതുമാണ്.

(3) ഇതു സംബന്ധിച്ച action taken report ഒന്നും രണ്ടും എതൃകക്ഷികൾ 2016 ലെ ഭിന്നശേഷി അവകാശ നിയമം 81-ാം വകുപ്പു പ്രകാരം സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിൽ ഫയൽ ചെയ്യേണ്ടതാണ്.

(4) ഈ ഉത്തരവിന്റെ സൗജന്യ പകർപ്പ് കാലതാമസം കൂടാതെ ഹർജിക്കാരിക്കും ഒന്നും രണ്ടും എതൃകക്ഷികൾക്കും സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിൽ നിന്നും അയച്ചു കൊടുക്കാൻ നിർദ്ദേശിക്കുന്നു.

ഇപ്രകാരം കേസിലെ നടപടികൾ അവസാനിപ്പിച്ചു.

**2022 ജൂൺ മാസം 9-ാം തീയതി**

ഒപ്പ്/-
**എസ്.എച്ച്.പഞ്ചാപകേശൻ,**
**സംസ്ഥാന ഭിന്നശേഷി കമ്മീഷണർ**

**അനുബന്ധം:** ഇല്ല

ഒപ്പ്/-
**എസ്.എച്ച്.പഞ്ചാപകേശൻ,**
**സംസ്ഥാന ഭിന്നശേഷി കമ്മീഷണർ**

**ഉത്തരവിൻ പ്രകാരം**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**